India Media Monitor

## TiE Entrepreneurial Summit in Hyderabad from 18

Veekshanam
Date: 16/12/2013 | Edition: Kochi | Page: 9 | Source: Bureau | Clip size (cm): W: 14 H: 6
Clip: 1 of 1

# ടൈ സംരംഭകത്വ സമ്മിറ്റ് 18 മുതൽ ഹൈദരാബാദിൽ

കൊച്ചി: സംരംഭകത്വം സംബന്ധിച്ച വിവിധ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഏഷ്യയിലെ ഏറ്റവും വലുതും പ്രമുഖവുമായ വാർഷിക സമ്മേളനമായ ടൈ 2013 സമ്മിറ്റി ഡിസംബർ 18 മുതൽ 20 വരെ എച്ച് ഐ സി സി ഹൈദരാബാദിൽ നടക്കും.

സംരംഭങ്ങളുമായി ബന്ധപ്പെട്ട രണ്ടായിരത്തോളം പേർ പങ്കെടുക്കുന്ന സമ്മിറ്റിൽ നൂറിലധികം ലേണിങ് – മെന്ററിങ് സെഷനുകൾ സംഘടിപ്പിക്കും. എങ്ങനെ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുമെന്നതിനെക്കുറിച്ച് നൂറോളം പ്രമുഖ സംരംഭകർ നടത്തുന്ന പ്രഭാഷണങ്ങളും ഏയ്ഞ്ചലുകൾ, വെഞ്ച്വർ കാപ്പിറ്റലിസ്റ്റുകൾ, ഇൻക്യുബേറ്ററുകൾ എന്നിവയ്ക്ക് ബിസിനസ് ആശയങ്ങൾ ലഭ്യമാക്കാനുള്ള ഇൻവെസ്റ്റർ മീറ്റും ഇതിൽ ഉൾക്കൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും http://www.tiesummit.com/ സന്ദർശിക്കുകയോ +91 99497 33397 ൽ ടൈ ഹൈദരാബാദ് എക്സിക്യൂട്ടീവ് ഡയറക്ടർ കേണൽ രവിയെ വിളിക്കുകയോ ചെയ്യുക.